# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634 — 20-06-2024 - ൽ മറുപടിയ്ക്ക്

### കാർഷിക രംഗത്ത് വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷിക രംഗത്ത് വനിതകൾക്ക് മികച്ച തൊഴിലും വരുമാന വർദ്ധനവും ലഭ്യമാക്കുന്നതിനു എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (എ) | കൃഷിവകുപ്പ് നടപ്പിലാക്കുന്ന എല്ലാ കാർഷിക വികസന പദ്ധതികളിലും ചെറുകിട നാമമാത്ര കർഷക വിഭാഗത്തിൽപ്പെടുന്ന എല്ലാ കർഷകർക്കും (സ്ത്രീ പുരുഷ ഭേദമന്യേ) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.<br><br>കേരളത്തിലെ വനിതകളിൽ കൃഷിഭൂമി സ്വന്തമായി ഉള്ളതോ, പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതോ ആയ ഏതൊരാൾക്കും കാർഷിക വികസന പദ്ധതികളുടെ സാമ്പത്തിക-സാങ്കേതിക സഹായത്തിനായി അപേക്ഷകൾ നൽകാം.<br><br>വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്ന പദ്ധതിയിൽ കൂടുതൽ മുൻഗണന സ്ത്രീകൾക്ക് നൽകുന്നുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കൃഷിയിടങ്ങൾ ഒരുക്കിയെടുത്ത് കൃഷി ചെയ്യുന്നതിനും വനിതകൾക്ക് മുൻഗണന ലഭിക്കുന്നുണ്ട്. കുടുംബശ്രീ മിഷൻ വഴി, തരിശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി കൃഷിയിറക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കൂടുതൽ അവസരങ്ങൾ ലഭ്യമാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി വാർഡ് തലത്തിൽ ഉത്പാദന - സേവന മേഖലയിലും തല്പരരായ വനിതാ കർഷകർക്ക് കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. പച്ചക്കറി കൃഷി, പുഷ്പകൃഷി, കൂൺ കൃഷി, ഔഷധ സസ്യ കൃഷി, ഭക്ഷ്യ സംസ്കരണം മുതലായ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതാ കർഷകർക്ക് ബാങ്കുകളിൽ പ്രൊജക്ടുകൾ സമർപ്പിക്കേണ്ട ആവശ്യം വന്നാൽ അവരെ സഹായിക്കാനായി ഡി പി ആർ ക്ലിനിക്കുകൾ കൃഷി വകുപ്പ് വഴി സംഘടിപ്പിച്ചു വരുന്നു. ഫാം പ്ലാൻ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിത ഉത്പാദന പരിപാടിയിൽ വരുന്ന അപേക്ഷകളിൽ വനിതാ കർഷകർക്ക് മുൻഗണന നൽകാൻ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ നവീന കൃഷി രീതികളായ പോളിഹൗസ്, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ് എന്നീ കൃഷി രീതികളിൽ വനിതകളെ പ്രാപ്തരാക്കുവാനും, മൂല്യവർദ്ധിത മേഖലയിൽ കൂടുതൽ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.<br><br>**തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ആ പ്രദേശത്തിന് യോജിച്ച വിളകൾ കൃഷി ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ ഹരിത കേരളം മിഷൻ വഴിയും നൽകി വരുന്നു. ഇത് കൂടാതെ ജനകീയാസൂത്രണ പദ്ധതികളിൽ വനിതാ ഘടക പദ്ധതികൾക്കായി പ്രത്യേകം ഫണ്ട് മാറ്റി വയ്ക്കുന്നുമുണ്ട്.** |

സെക്ഷൻ ഓഫീസർ